പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1933

25.03.2013-ൽ മറുപടിക്ക്.

## ചാലക്കുടി പോലീസ് സ്റ്റേഷനിൽ ജനമൈത്രി പോലീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസ് പദ്ധതി നടപ്പാക്കിയ പോലീസ് സ്റ്റേഷനുകളിൽ ഇതിനായി ആവശ്യത്തിന് പോലീസുകാരെ നിയമിച്ചിട്ടുണ്ടോ ; | (എ) ജനമൈത്രി സുരക്ഷാ പോലീസ് പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിനുവേണ്ടി പ്രസ്തുത പദ്ധതി നിലവിലുള്ള സംസ്ഥാനത്തെ 148 പോലീസ് സ്റ്റേഷനുകളിൽ അധികമായി സൃഷ്ടിച്ച 740 തസ്തികകളിൽ ഒരു പോലീസ് സ്റ്റേഷനിൽ 4 സിവിൽ പോലീസ് ഓഫീസർ, 1 വനിതാ സിവിൽ പോലീസ് ഓഫീസർ എന്ന കണക്കിൽ പോലീസുകാരെ അനുവദിച്ച് നിയമിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി വ്യാപിപ്പിച്ച 100 പോലീസ് സ്റ്റേഷനുകളിലെ അംഗസംഖ്യ 4 സിവിൽ പോലീസ് ഓഫീസർ, 1 വനിതാ സിവിൽ പോലീസ് ഓഫീസർ എന്ന കണക്കിന് 500 തസ്തികകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ചാലക്കുടി പോലീസ് സ്റ്റേഷനിൽ ജനമൈത്രി പോലീസ് പ്രവർത്തനത്തിനായി ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ജനമൈത്രി സുരക്ഷാ പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് തൃശ്ശൂർ റൂറൽ ജില്ലയിലെ ചാലക്കുടി പോലീസ് സ്റ്റേഷനിലെ അംഗസംഖ്യ 4 സിവിൽ പോലീസ് ഓഫീസർ, 1 വനിതാ സിവിൽ പോലീസ് ഓഫീസർ എന്ന കണക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ